ഉത്തരം

(എ-സി) പ്രൊ-വൈസ് ചാൻസലർ, ടീച്ചർ എഡ്യൂക്കേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനർ, മൂന്ന് സിൻഡിക്കേറ്റ് അംഗങ്ങൾ, ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളുടെ ഡയറക്ടർ എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയാണ് മാർക്ക് നിശ്ചയിക്കുകയും സെലക്ഷൻ നടത്തുകയും ചെയ്തതെന്ന് സർവകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 16 പേർക്ക് പുനർ നിയമനം നടത്തിയിട്ടില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്&ജി) അപേക്ഷിക്കാർഹത അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളത് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(എച്ച്) ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലെ നിയമനം കോൺട്രാക്ട് അടിസ്ഥാനത്തിൽ, താല്ക്കാലികമായതിനാൽ സംവരണം കൃത്യമായി പാലിക്കാറില്ല എന്ന് സർവ്വകലാശാല റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് അൺ എയിഡഡ് സ്കൂളിലെ അദ്ധ്യാപകൻ

46 (2026) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അൺ എയിഡഡ് സ്കൂളുകളിലായി എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരുത്തരവ് നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഇതനുസരിച്ച് വിവിധ കാറ്റഗറിയിലുള്ള അദ്ധ്യാപകർക്ക് ലഭിക്കുന്ന ശമ്പളം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് മുഴുവൻ അൺ എയിഡഡ് സ്ക്കൂളുകളിലും ഈ ശമ്പളം കൃത്യമായി നൽകുന്നുവെന്ന് ഉറപ്പുവരുത്താൻ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 1998-99-ലെ കണക്ക് പ്രകാരം 7805 അദ്ധ്യാപകർ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) അംഗീകൃത അൺ എയിഡഡ് സ്കൂൾ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് പുതുക്കി നിശ്ചയിച്ച പ്രതിമാസ കുറഞ്ഞ ശമ്പള നിരക്ക് താഴെ ചേർക്കുന്നു.

ഹെഡ്മാസ്റ്റർ	- 3000 രൂപയും 200 രൂപ സൂപ്പർ വിഷൻ അലവൻസും
ഹൈസ്ക്കൂൾ അസിസ്റ്റന്റ്	- 3000 രൂപ
പ്രൈമറി ടീച്ചർ	- 2500 രൂപ
ക്ലാർക്ക്	- 2000 രൂപ
പ്യൂൺ/ക്ലാസ് 4	- 1800 രൂപ

(ഇ) ശമ്പള പരിഷ്കരണം സംബന്ധിച്ച് സർക്കാർ ഉത്തരവ് മാനേജർമാർ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മിനിമം പെൻഷൻ ലഭിക്കണമെന്ന ശ്രീമതി ഒ. ചന്ദ്രമതിയുടെ നിവേദനം

47 (2027) ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി ഒ. ചന്ദ്രമതി, വാറുതുണ്ടിൽ വീട്, എഴുകോൺ മിനിമം പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിലെ മൈലോട് ടിഇഎംഎച്ച്എസ്.എസിലെ അദ്ധ്യാപിക ആയിരുന്ന അവർക്ക് മിനിമം പെൻഷൻ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) അപേക്ഷ ലഭിക്കുമ്പോൾ നടപടി സ്വീകരിക്കുന്നതാണ്.

ചേർപ്പ് ജെ.ബി.എസ്. യു.പി. സ്കൂളായി ഉയർത്തണമെന്ന ആവശ്യം

48 (2028) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജക മണ്ഡലത്തിലെ ചേർപ്പ് ജെ.ബി.എസ്. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളായി ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ സ്കൂളിൽ 5-ാം ക്ലാസ്സുവരെ മാത്രമേ പഠന സൗകര്യമുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് 5-ാം ക്ലാസ്സുവരെയുള്ള സ്കൂളുകൾ എത്ര ഉണ്ട്; ഈ സ്കൂളുകൾ എൽ.പി. വിഭാഗത്തിലാണോ, യു.പി. വിഭാഗത്തിലാണോ ഉൾപ്പെടുന്നത്;

LIBRARY ARCHIVES Kerala Legislative Assembly